കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്-എയ്ഡഡ് സ്കൂൾ മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ എന്ന സംഘടനയുടെ അംഗീകാരം റദ്ദ് ചെയ്ത ഉത്തരവ് പിൻവലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(കൈ) നം.231/2019/പൊവിവ                    തീയതി, തിരുവനന്തപുരം, 31/12/2019

---

പരാമർശം:- (1).31/10/2019 ലെ സ.ഉ (കൈ) നം. 180/2019/പൊവിവ നമ്പർ ഉത്തരവ്.
(2).എയ്ഡഡ് സ്കൂൾ മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ ജനറൽ സെക്രട്ടറി സമർപ്പിച്ച 13-11-2019 തീയതി വച്ച അപേക്ഷ.

<u>ഉത്തരവ്</u>

പരാമർശം (1) ലെ ഉത്തരവ് പ്രകാരം കഴിഞ്ഞ 12 വർഷത്തിലധികമായി പ്രവർത്തന രംഗത്തു ഇല്ലാതിരുന്നതും, സർക്കാർ ആവശ്യപ്പെട്ടതു പ്രകാരം സംഘടന സംബന്ധിച്ച വിശ്വസനീയമായ വിവരങ്ങൾ ലഭ്യമാക്കാതിരുന്നതും അച്ചടക്ക ലംഘനമായി കണക്കാക്കി എയ്ഡഡ് സ്കൂൾ മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ എന്ന സംഘടനയുടെ രജിസ്ട്രേഷൻ, കെ.ഇ.ആർ അധ്യായം XIV സി ചട്ടം 51 (ബി) (7) പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി.

ആയത് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പരാമർശം (2) റിവ്യൂ ഹർജിയോടൊപ്പം ടി സംഘടനയുടെ രജിസ്ട്രേഷൻ സംബന്ധിച്ചുള്ള പഴയകാല രേഖകളും മിനിട്ട്സ് ബുക്കുകളും അനുബന്ധ രേഖകളും തിരിച്ചുകിട്ടാത്ത വിധം പ്രളയ സമയത്ത് നഷ്ടപ്പെട്ടതായി ബോധിപ്പിക്കുന്ന സത്യവാങ്മൂലം, ബൈ-ലോ, 01-05-2017 മുതൽ 30-04-2018 വരെയും 01-05-2018 മുതൽ 31-03-2019 വരെയുമുള്ള പ്രവർത്തന റിപ്പോർട്ട്, മേൽ കാലയളവിലെ വരവ് ചിലവ് കണക്ക്, അംഗങ്ങളുടെ ലിസ്റ്റ് എന്നിവ സമർപ്പിച്ചിട്ടുള്ള

സാഹചര്യത്തിൽ സർക്കാർ ആവശ്യപ്പെട്ട രേഖകൾ യഥാസമയം ഹാജരാക്കുന്നതിൽ വന്ന വീഴ്ച മാപ്പാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പിൻവലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ചിത്ര കെ. ദിവാകരൻ**
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും, ഓഫീസർമാർക്കും
മുനാസ് വി.പി, പി.പി.റ്റി.എം.വൈ.എച്ച്.എസ്.എസ്, ചേറൂർ, വെങ്ങര, മലപ്പുറം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ